കൃഷി ചെയ്യുന്ന തിരൂർ താലൂക്കിനെയും കൊയിലാണ്ടി താലൂക്കിനെയും ഇതിൽ നിന്നും ഒഴിവാക്കിയത് വിവേചനമല്ലാതെ മറെന്താണ് എന്ന് പറയാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഇത് വിവേചനമൊന്നും അല്ല. ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലേക്കും ഇത് വ്യാപിപ്പിക്കുന്നതാണ്.

ഫാം തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടി

* 410. [438] ശ്രീ. വി. കെ. രാജൻ :
,, എം. കെ. കേശവൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, പി. കുമാരൻ :

ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൃഷിവകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ വിവിധ തസ്തികകളിലായി എത്ര തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാനുണ്ട് ;

(ബി) ഇത്തരം തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതനുസരിച്ച് തൊഴിലാളികളെ സ്ഥിരപ്പെടുത്തി ശമ്പള കുടിശ്ശികയും മറ്റും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (എൻ. സുന്ദരൻ നാടാർ) : സർ.

(എ) 2844 തൊഴിലാളികൾ.
(ബി) ഉണ്ട്.
(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എം. കെ. കേശവൻ : കൃഷി ഡിപ്പാർട്ടുമെന്റിലെ താല്ക്കാലിക ജീവനക്കാരായിട്ടുള്ള 2844 പേരെ സ്ഥിരപ്പെടുത്തുവാനുണ്ടെന്ന് മന്ത്രി പറഞ്ഞു. ഇവരെ എന്തുകൊണ്ടാണ് സ്ഥിരപ്പെടുത്താതിരിക്കുന്നത്; അങ്ങനെ സ്ഥിരപ്പെടുത്താതിരിക്കുന്ന ആളുകളെ എന്ന് സ്ഥിരപ്പെടുത്തുമെന്ന് പറയാൻ കഴിയുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : കൃഷിവകുപ്പിന്റെ കീഴിലുള്ള എല്ലാ ഫാമുകളിലുമായി മൊത്തം 4775 കാഷ്വൽ തൊഴിലാളികളുണ്ട്. ചില പ്രത്യേക നോംസ് അനുസരിച്ചാണ് കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നത്. ആ നോംസ് അനുസരിച്ച് നിയമിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തു കഴിഞ്ഞു.

ശ്രീ. എം. കെ. കേശവൻ : ഇവിടെ കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിന് ചില പ്രത്യേക നോംസ് ഉണ്ടെന്ന് മന്ത്രിപറഞ്ഞു. എന്താണ് ഈ കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിനുള്ള നോംസ്; ഇവിടെ കൃഷി ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ താല്ക്കാലികമായി ജോലി ചെയ്യുന്ന മരുന്നു തളിക്കുന്നവരുൾപ്പെടെയുള്ള ജീവനക്കാർക്ക് ഇതുവരേയും ഫെസ്റ്റിവൽ അഡ്വാൻസ് കൊടുത്തിട്ടില്ല. ഇക്കാര്യങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളെപ്പറ്റി മറുപടി പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുന്ദരൻ നാടാർ : കാഷ്വൽ തൊഴിലാളികളെ സ്ഥിരം തൊഴിലാളികളാക്കുന്നതിനുള്ള നോംസ് എന്നു പറയുന്നത്, ഒരു വർഷത്തിലെ പ്രവർത്തി ദിവസങ്ങളുടെ മൂന്നു വർഷത്തെ ശരാശരി എടുത്ത് വിളവെടുപ്പിനുള്ള സമയം (പ്രവർത്തി ദിവസം) കുറച്ചിട്ട് 240 കൊണ്ട് ഹരിച്ചുകിട്ടുന്നതാണ്. ഇതാണ് സ്ഥിരപ്പെടുത്തുന്നതിനുള്ള നോംസ്.

ശ്രീ. പി. കുമാരൻ : പ്രൈവറ്റ് തോട്ടം തൊഴിലാളികൾക്ക് കൊടുക്കുന്ന വേതനവും അവരുടെ ജോലി സ്വഭാവങ്ങളും സർക്കാർ നടത്തുന്ന തോട്ടം തൊഴിലാളികൾക്ക് കൂടി കൊടുക്കാതിരിക്കുന്നതിന്റെ ഔചിത്യമെന്താണ്?

മി. സ്പീക്കർ : മെമ്പറുടെ ചോദ്യം വ്യക്തമല്ല, ഒന്നു കൂടി ചോദിക്കണം.

ശ്രീ. പി. കുമാരൻ : പ്രൈവറ്റ് തോട്ടമുടമകൾ തൊഴിലാളികൾക്ക് കൊടുക്കുന്ന വേതനമെങ്കിലും സർക്കാർ നടത്തുന്ന തോട്ടം തൊഴിലാളികൾക്ക് കൊടുക്കുന്നതിനും അവരുടെ ജോലിക്ക് സ്ഥിരത നല്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അതിലേയ്ക്കുവേണ്ടി നടപടികൾ എടുക്കുന്നതിനുവേണ്ടി ഒരു പ്രത്യേക കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ആ കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിനുശേഷം അതിൻമേൽ നടപടിയെടുക്കുന്നതാണ്.

ശ്രീ. പി. കുമാരൻ : ഇപ്പോൾ തോട്ടങ്ങൾ നടത്തുന്നത് ലാഭകരമായ രീതിയിലാണോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഫാമുകളെ സംബന്ധിച്ചിടത്തോളം വെറും ലാഭേച്ഛ മാത്രമല്ല നോക്കുന്നത്.

ഡോ. എ. സുബ്ബറാവു : Sir, may I know, how many years these Casual Labourers have been in service in these Farms?

ശ്രീ. എൻ. സുന്ദരൻ നാടാർ : അതിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീ. രാഘവൻ പൊഴക്കടവിൽ : നമ്മുടെ സംസ്ഥാനത്തെ കൃഷി ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഫാമുകളിൽ ആകെ എത്ര തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ സ്ഥിരപ്പെടുത്തിയത് എത്രപേരെയാണെന്ന് വ്യക്തമാക്കിയിട്ടില്ല. ഈ നിലവിലുള്ള കൃഷിഫാമുകളിൽ ധാരാളം സ്ഥലം വെറുതേ കിടക്കുകയാണ്. ഈ 2844 തൊഴിലാളികളെ സ്ഥിരപ്പെടുത്തി, ജോലിചെയ്യാനുള്ള അവസരമുള്ളതുകൊണ്ട് അവരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിനായി വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : 4775 തൊഴിലാളികളാണ് ഉള്ളത്. ഇപ്പോൾ വെറുതേ കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്.

ശ്രീ. ഒ. ഭരതൻ : ഗവൺമെന്റ് ഉടമയിലുള്ള ഏതെങ്കിലും ഫാമുകൾ പൂട്ടിയിടാനോ അല്ലെങ്കിൽ അത് സഹകാര്യവ്യക്തികളെ ഏല്പിച്ചുകൊടുക്കാനോ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുന്ദരൻ നാടാർ : അങ്ങനെ യാതൊരു ഉദ്ദേശവുമില്ല.

ശ്രീ. വി. ജെ. തങ്കപ്പൻ : വെള്ളായണി കാർഷിക കോളേജിലെ നെൽപ്പാടങ്ങളും മുഴുവൻ നികത്തി തെങ്ങ് വച്ചതിന്റെ ഫലമായി നൂറുകണക്കിന് ഫാം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ളതായിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന് എന്തെങ്കിലും പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : വെള്ളായണി കാർഷിക കോളേജിലെ ഫാം നികത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും അതിനെക്കുറിച്ച് അന്വേഷിക്കുന്നതാണ്.

ശ്രീ. എ. കെ. പത്മനാഭൻ : 1981-ലെ ഗവൺമെന്റുത്തരവ് മൂലം സ്ഥിരപ്പെടുത്തുകയും പിന്നീട് ഗവൺമെന്റ് ഉത്തരവുമൂലം തന്നെ സ്റ്റേ ചെയ്യുകയും ചെയ്ത പേരംപ്ര സ്റ്റേറ്റ് സീഡ് ഫാമിലെ തൊഴിലാളികൾക്ക് ജോലിസ്ഥിരത ഉറപ്പുവരുത്താൻ ഗവൺമെന്റ് നടപടിയെടുക്കുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ : 1931 തൊഴിലാളികളെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഇതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. അതിനാവശ്യമായ നടപടിയെടുക്കും.

ശ്രീ. കെ. മൂസ്സക്കുട്ടി : ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരത്തെ സംബന്ധിച്ച് റിപ്പോർട്ട് വല്ലതുമുണ്ടോ ? അത് കിട്ടിയിട്ടുണ്ടോ ? അല്ലെങ്കിൽ അത് നടപ്പാക്കാൻ വല്ല ആലോചനയുണ്ടോ ? അങ്ങനെ ഒരു റിപ്പോർട്ട് കൈയ്യിലുണ്ടോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഫാം തൊഴിലാളികളുടെ സേവന വേതന പരിഷ്ക്കരണത്തിന് 20-12-1983-ലാണ് ഒരു കമ്മിറ്റിയെ നിയോഗിച്ചത്. ആ കമ്മിറ്റിയുടെ ശുപാർശകൾ 1985-ൽ ഗവൺമെന്റിന് സമർപ്പിച്ചു. ഈ ശുപാർശകൾ നടപ്പിലാക്കിയതുമൂലം ഗവൺമെന്റിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കമ്മിറ്റി കണക്കാക്കി അതുമൂലം സർക്കാരിനുണ്ടാകുന്ന അധികചെലവ് തിട്ടപ്പെടുത്തുകയും ചെയ്തിരുന്നില്ല. അതുപോലെ തന്നെ ഫാമുകളുടെ ഔട്ട്-ടേൺ എത്രയെന്ന് കണക്കാക്കിയിരുന്നില്ല. ഈ വകകാര്യങ്ങളെല്ലാം ഇപ്പോൾ വകുപ്പ് തലവൻമാർ ശേഖരിച്ചു വരികയാണ്. അത് ശേഖരിച്ചു പരിശോധിച്ചശേഷം കമ്മിറ്റിയുടെ ശുപാർശകളിൻമേൽ എത്രയുംവേഗം സർക്കാർ തീരുമാനം എടുക്കുന്നതാണ്.

കുരുമുളക് കൃഷി പ്രോൽസാഹനം

* 411. [439] ശ്രീ. കെ.പി. രാമൻ :
,, കെ.പി. എ. മജീദ് :
,, പി. എം. അബൂബക്കർ:
, പി.കെ.കെ.ബാവ :
,, സി.ടി. അഹമ്മദലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം പ്രതിവർഷം എത്ര ടൺ കുരുമുളക് ഉൽപ്പാദിപ്പിക്കുന്നുണ്ട് ;

(ബി) 'കുരുമുളക് കൃഷിയുടെ പ്രോൽസാഹനത്തിന്' കാനറാ ബാങ്ക് ഏതെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly